"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ.(ജി) പദ്ധതി പ്രവർത്തനങ്ങൾക്കായി നിർദ്ദിഷ്ട കണക്കു ശീർഷകങ്ങളിൽ അധിക ധനാനുമതി പ്രകാരമുള്ള തുക അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.6/2026/LSGD  തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.11.2025 ലെ LSGD/PD/30982/2024-CSSA1 നമ്പർ കത്ത്
2. GO(Rt) No. 10221/2025/Fin dated 22.12.2025

**<u>ഉത്തരവ്</u>**

പി.എം.എ.വൈ. (ജി) പദ്ധതി, SNA SPARSH- ലേക്ക് ഓൺ ബോർഡ് ചെയ്യുന്നതിന്റെ ഭാഗമായി 2025-26 ലെ പദ്ധതി പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ 510,85,00,000/- രൂപ അനുവദിച്ചിരുന്നു. ആയതിന് ആനുപാതിക സംസ്ഥാന വിഹിതമായി 340,56,66,667/-രൂപ ലഭ്യമാക്കേണ്ടതുണ്ട്. പി.എം.എ.വൈ.(ജി) പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 ൽ വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി ആവശ്യമായ 690,91,66,667/-രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ച് ആകെ 851,41,66,667/- രൂപ നിർദിഷ്ട ശീർഷകങ്ങളിലേക്ക് അനുവദിച്ച് നൽകണമെന്ന് പരാമർശം 1 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം 2 പ്രകാരം ആവശ്യമായ തുക അധിക ധനാനുമതി വഴി ധനകാര്യ വകുപ്പ് അനുവദിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ.(ജി) പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായ 510,85,00,000/- രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ 340,56,66,667/-രൂപയും ചേർത്ത് ആകെ 851,41,66,667/- രൂപ (എണ്ണൂറ്റി അൻപത്തി ഒന്ന് കോടി നാല്പത്തി ഒന്ന് ലക്ഷത്തി അറുപത്തി ആറായിരത്തി അറുനൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം നിർദ്ദിഷ്ട ശീർഷകങ്ങളിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | ആകെ അനുവദിക്കേണ്ട കേന്ദ്ര സംസ്ഥാനവിഹിതം ( തുക രൂപയിൽ ) |
|---|---|---|
| 1 | 2501-06-197-48(12) (General) | 700,72,36,667 |
| 2 | 2501-06-789-98(02) (SCP) | 66,97,46,666 |
| 3 | 2501-06-796-98(02) (TSP) | 83,71,83,334 |
| | ആകെ | 851,41,66,667 |

അധിക ധനാനുമതി വഴി ലഭ്യമായ തുക, ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളതിൽ ചെലവഴിക്കാത്ത തുകയിൽ നിന്ന് ധന പുന:ക്രമീകരണം വഴിയോ/ സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ ഉൾപ്പെടുത്തിയോ നിലവിലുള്ള സാമ്പത്തിക വർഷം അവസാനിക്കും മുൻപ് ക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട കണക്കു ശീർഷകത്തിന്റെ കോൺട്രോളിങ് ഓഫീസർ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്) ,കേരള,തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 23.12.2025 ലെ 334600/DEV-2/225/2025-FIN
നം.അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 01-01-2026 12:51:36
സെക്ഷൻ ഓഫീസർ